JAGRATHA 103

Vol-3, N0:28
13-08 - 2009

*Kerala Catholic Bishops' Council's*

# *Commission for Social Harmony and Vigilance*

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

## ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**KCBC Social Harmony and Vigilance Commission Chairman Rt. Rev. Dr. Stanley Roman Wishes You**



**"HAPPY INDEPENDENCE DAY"**

**&**

**" HAPPY FEAST OF THE ASSUMPTION OF THE BLESSED VIRGIN MARRY"**

## സ്വാശ്രയ വിദ്യാഭ്യാസം കത്തോലിക്കാസഭാ നിലപാട്

കേരളത്തിലെ സ്വാശ്രയവിദ്യാഭ്യാസം വർഷം ചെല്ലുന്തോറും പ്രശ്നകലുഷിതമായിത്തീരുകയാണ്. കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് സ്വാശ്രയ മേഖലയിൽ 10 എഞ്ചിനിയറിംഗ് കോളേജുകളും 3 മെഡിക്കൽ കോളേജുകളും 21 നേഴ്സിംഗ് കോളേജുകളും 15 ബി.എഡ് കോളേജുകളും 4 ബി.ഫാം കോളേജുകളും ഒരു ഡന്റൽ കോളേജും ആർട്ടസ് സയൻസ് വിഭാഗത്തിൽ 58 കോളേജും ഉണ്ട്. ഇവ കൂടാതെ കേരളത്തിലെ വിവിധ സർവകലാശാലകളുടെ കീഴിലായി 80 എയ്ഡഡ് കോളേജുകളും പ്രവർത്തിക്കുന്നു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് 192 സ്ഥാപനങ്ങൾ കേരള കത്തോലിക്കാ സഭയുടെ കീഴിൽ വിദ്യാഭ്യാസ ശുശ്രൂഷ നിർവഹിക്കുന്നു. കൂടാതെ സഭ നേരിട്ട് നടത്തുന്ന പ്രഫഷണൽ മാനേജ്മെന്റ് സ്ഥാപനങ്ങളും പാരാമെഡിക്കൽ പരിശീലനകേന്ദ്രങ്ങളും പാരലൽ കോളേജുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും നിരവധിയാണ്.

ഓരോ വർഷവും പ്രഫഷണൽ വിദ്യാഭ്യാസം തേടി കേരളത്തിന് പുറത്തേക്ക് മുക്കാൽ ലക്ഷത്തോളം വിദ്യാർത്ഥികൾ പോകുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ പകുതിയിലധികം പേരും ക്രൈസ്തവരായതുകൊണ്ടാണ് സ്വാശ്രയ പ്രഫഷണൽ വിദ്യാഭ്യാസ രംഗത്തേക്ക് പ്രവേശിക്കാൻ കത്തോലിക്കാസഭ തീരുമാനിച്ചത്. ശ്രീ ഇ.കെ. നായനാർ സർക്കാരിന്റെ കാലത്താണ് സ്വാശ്രയ പ്രഫഷണൽ വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടതെങ്കിലും പിന്നീട് വന്ന ശ്രീ. എ.കെ. ആന്റണി സർക്കാരിന്റെ കാലത്താണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യാപകമായത്.

## തെറ്റായ പ്രചരണങ്ങളും കോടതിവിധികളും

സ്വാശ്രയ പ്രഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ വ്യാപകമായി ആരംഭിക്കുമ്പോൾ രണ്ട് സ്വാശ്രയ സ്ഥാപനങ്ങൾ ഒരു സർക്കാർ കോളേജിനു തുല്യം എന്ന യുക്തിക്ക് നിരക്കാത്ത തെറ്റായ പ്രചരണം സർക്കാർ പൊതുജനങ്ങൾക്ക് മുമ്പിൽ അവതരിപ്പിച്ചു. എന്നാൽ സർക്കാരിന്റെ ഈ നിലപാട് വിശദമായി സ്വാശ്രയ സ്ഥാപനങ്ങളുടെ മാനേജുമെന്റുമായി ചർച്ചചെയ്യുകയോ മാനേജുമെന്റുകളും സർക്കാരുമായി ധാരണയുണ്ടാക്കുകയോ ചെയ്തിട്ടില്ല. 2001-ൽ സ്വാശ്രയ വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുമ്പോൾ ഒരു സീറ്റിൽ പോലും വിദ്യാർത്ഥി പ്രവേശനത്തിന് മാനേജുമെന്റുകൾക്ക് അവകാശമില്ലായിരുന്നു. ആ വർഷം മാനേജുമെന്റ് ക്വോട്ടയിലും കമ്മ്യൂണിറ്റി ക്വോട്ടയിലും പ്രവേശനം നടത്താൻ കോടതി വഴി മാനേജുമെന്റുകൾ അവകാശം നേടിയെടുക്കുകയാണ് ഉണ്ടായത്.

1993-ലെ ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിയെ അടിസ്ഥാനമാക്കി 50:50 അനുപാതം സർക്കാർ ഉയർത്തിപിടിച്ചപ്പോൾ സർക്കാർ നിർദ്ദേശം നിയമപരമല്ലാത്തതുകൊണ്ട് അതിനെതിരെ കേസിനുപോയ മാനേജുമെന്റുകൾ സർക്കാരിന്റെ 50:50 അനുപാതം അംഗീകരിച്ചു എന്ന് പറയുന്നത് ശരിയല്ല. സ്വാശ്രയ പ്രഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് 2002-ലെ റ്റി.എം.എ പൈ കേസിൽ പതിനൊന്നംഗ ഡിവിഷൻ ബഞ്ചിന്റെ വിധി വന്നപ്പോൾ ഉണ്ണികൃഷ്ണൻ കേസിലെ 50:50 എന്ന പ്രവേശന രീതി റദ്ദാക്കപ്പെട്ടു. 2005-ൽ പി.എ. ഇനാംദാർ കേസ് വിധിയിലൂടെ സുതാര്യവും മെറിറ്റ് അടിസ്ഥാനത്തിൽ ഉള്ളതുമായ ഏത് മാനദണ്ഡവും പ്രവേശനത്തിനായി സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവും കോളേജുകളിലെ ഫീസ് നിരക്ക് നിശ്ചയിക്കുവാനുള്ള അവകാശവും സുപ്രീം കോടതി മാനേജുമെന്റുകൾക്ക് നൽകി. 2002 മുതൽ 2006 വരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും സ്വാശ്രയ പ്രഫഷണൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിവിധ കേസുകൾ പരിഗണിക്കപ്പെട്ടു. ഈ കേസുകളിലെല്ലാം തന്നെ എല്ലാ സീറ്റുകളിലേക്കും ഏകീകൃത ന്യായമായ ഫീസായിരുന്നു കോടതികൾ നിർദ്ദേശിച്ചിരുന്നത്.

## ഭരണഘടന ഉറപ്പ് തരുന്ന അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 30/1, 2 എന്നിവയനുസരിച്ച് രാജ്യത്തെ മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് തങ്ങൾ സ്ഥാപിച്ചിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനും അധ്യാപകരെ നിയമിക്കുവാനും സ്ഥാപനങ്ങൾ നടത്തികൊണ്ടുപോകുവാനും അവകാശമുണ്ട്. ഭരണഘടനാ ശില്പികൾ ന്യൂനപക്ഷങ്ങളുടെ നിലനില്പിനും സംരക്ഷണത്തിനുമായി നല്കിയിട്ടുള്ള അവകാശങ്ങൾ വരും തലമുറയ്ക്ക് കൂടെയുള്ളതാണ്. അവ താത്ക്കാലിക ലാഭത്തിനുവേണ്ടി അടിയറവയ്ക്കാൻ ഈ തലമുറയ്ക്ക് അവകാശമില്ല. സമ്മർദ്ദത്തിനും ഭീഷണിക്കും വഴങ്ങി ന്യൂനപക്ഷ അവകാശങ്ങൾ നാം വിട്ടുകൊടുത്താൽ അത് വരും തലമുറയോടു ചെയ്യുന്ന അപരാധമായിരിക്കും.

കേന്ദ്രഗവർമെന്റിന്റെ കീഴിൽ ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനായി (1) ന്യുനപക്ഷ മന്ത്രാലയം, (2) ന്യൂനപക്ഷ കമ്മീഷൻ (3) ന്യൂനപക്ഷവിദ്യാഭ്യാസ കമ്മീഷൻ എന്നീ മൂന്ന് സംവിധാനങ്ങളുണ്ട്. കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ ഉന്നത അധികാരികൾ ഈ വകുപ്പുകളുടെ മേധാവികളുമായി

നടത്തിയിട്ടുള്ള പലവട്ട ചർച്ചകളിൽ നിന്ന് ന്യൂനപക്ഷ അവകാശങ്ങൾ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് മുമ്പിൽ ധാരണയിലൂടെയോ കരാറിലൂടെയോ അടിയറവ് വയ്ക്കരുതെന്ന വ്യക്തമായ ഉപദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

## ഇടതുപക്ഷ സർക്കാരിന്റെ ക്രൈസ്തവ പീഡനം

2006-ൽ ഇപ്പോഴത്തെ സർക്കാർ അധികാരം ഏറ്റപ്പോൾ തങ്ങൾ 1957-ലെ സർക്കാരിന്റെ തുടർച്ചയാണെന്നും വിദ്യാഭ്യാസ മന്ത്രി താൻ ആധുനിക കാലഘട്ടത്തിലെ മുണ്ടശ്ശേരിയാണെന്നും അവകാശപ്പെട്ട് ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു നേരെ പീഡനങ്ങൾ ആരംഭിക്കുകയായിരുന്നു. ഇതിന്റെ ഫലമായി 2006-ൽ 50 ശതമാനം സീറ്റുകൾ ബലമായി ഏറ്റെടുക്കുന്നതിനും പ്രസ്തുത സീറ്റുകളിലേക്ക് നാമമാത്രമായ സർക്കാർ ഫീസിൽ പ്രവേശനം നടത്തുന്നതിനും നിയമം കൊണ്ടുവന്നു. നിയമത്തിലെ പ്രധാനപ്പെട്ട എല്ലാവകുപ്പുകളും അസാധുവാണെന്ന് ഹൈക്കോടതി വിധിച്ചതോടെ സർക്കാരിന്റെ സ്വാശ്രയ നിയമം പരാജയപ്പെട്ടു. നിലവിലുള്ള അംഗീകരിക്കപ്പെട്ട നിയമ വ്യവസ്ഥയ്ക്ക് എതിരായി 2007-ൽ 50 ശതമാനം സീറ്റുകൾ വിട്ടുകൊടുക്കണമെന്ന് കരാറുണ്ടാക്കാൻ സ്വകാര്യ മാനേജുമെന്റുകളുടെമേൽ സർക്കാർ സമ്മർദ്ദം ചെലുത്തി. കെ.സി.ബി.സി. യുടെ നിർദ്ദേശമനുസരിച്ച് നമ്മുടെ കോളേജുകൾ സർക്കാരുമായി കരാറിൽ ഒപ്പുവച്ചില്ല. എന്നാൽ സ്വാശ്രയ മേഖലയിലെ മറ്റെല്ലാ പ്രഫഷണൽ കോളേജുകളുടെ മാനോജുമെന്റുകളും സർക്കാരുമായി ധാരണയിലായി. കരാർ അനുസരിച്ച് സർക്കാരിന് വിട്ടുകൊടുക്കുന്ന 50 ശതമാനം സീറ്റുകളിൽ നാമമാത്ര ഫീസും ബാക്കി സീറ്റുകളിൽ വളരെ ഉയർന്ന ഫീസും നിലവിൽ വന്നു. സുപ്രീം കോടതി നിരോധിച്ച ക്രോസ് സബ്സിഡി ഗവർമെന്റ് കരാർ മൂലം വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവന്നു. ഭീഷണിപ്പെടുത്തിയും അധിക്ഷേപിച്ചും പീഡിപ്പിച്ചും കരാറിൽ ഒപ്പിടിവിക്കാനുള്ള ശ്രമമാണ് സർക്കാർ ഇപ്പോൾ നടത്തുന്നത്. ഭരണഘടന നമ്മുടെ നിലനില്പ്പിനായി നല്കിയ അവകാശം തന്ത്രപരമായി കവർന്നെടുക്കാനാണ് ഇപ്പോൾ സർക്കാർ പരിശ്രമിക്കുന്നത്. ഇതിന് വഴങ്ങാത്തതുകൊണ്ട് നിരന്തരമായി നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ പീഡിപ്പിക്കപ്പെടുന്നു. കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന നമ്മുടെ നാല് പ്രഫഷണൽ കോളേജുകളുടെ അഫിലിയേഷൻ റദ്ദ് ചെയ്തത് സർക്കാരുമായി കരാറിൽ ഏർപ്പെടാത്തതുകൊണ്ടാണ്. ഈ നാല് സ്ഥാപനങ്ങളും ഉന്നത നിലവാരം പുലർത്തുന്നവയാണ്. ഇവയിലെ രണ്ട് മെഡിക്കൽ കോളേജുകൾക്ക് കേന്ദ്ര ഗവർമെന്റിന്റേയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടേയും സ്ഥിരഅംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ഒരു സർക്കാർ മെഡിക്കൽ കോളേജിനു പോലും ഈ അംഗീകാരങ്ങൾ ലഭിച്ചിട്ടില്ല.

ഇതേ കാരണംകൊണ്ട് തന്നെയാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കാത്തതും ഹയർസെക്കൻഡറി പ്രിൻസിപ്പൽ നിയമനവും പ്രൊട്ടക്റ്റഡ് അധ്യാപക നിയമനവും, എയിഡഡ് കോളേജ് പ്രിൻസിപ്പൾ നിയമനവും, അധ്യാപക നിയമനവും തടഞ്ഞുവച്ചിരിക്കുന്നതും. ക്രിസ്ത്യൻ സ്ഥാപനങ്ങൾ ന്യൂനപക്ഷ സ്ഥാപനങ്ങളാണെങ്കിലും ക്രിസ്ത്യാനികൾക്ക് കേരളത്തിൽ ന്യൂനപക്ഷ അവകാശങ്ങൾക്ക് അർഹതയില്ലെന്ന മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയുടെ 29-04-2009-ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനം (162/6-39/6363) ക്രൈസ്തവ പീഡനത്തിന് ഉദാഹരണമാണ്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രിൻസിപ്പൾ സെക്രട്ടറി 23-06-2009-ൽ പാല സെന്റ് ജോസഫ് എഞ്ചിനിയറിംഗ് കോളേജ് പ്രിൻസിപ്പാളിന് പുതിയ കോഴ്സുകൾ ആരംഭിക്കണമെങ്കിൽ സർക്കാരുമായി കരാറിൽ ഏർപ്പെടണമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. സർക്കാരുമായി കരാറിൽ ഒപ്പിട്ടാൽ എല്ലാ പ്രശ്നങ്ങളും തീർക്കാമെന്ന് ബന്ധപ്പെട്ടവർ രഹസ്യമായി അറിയിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഇടതുപക്ഷ സർക്കാർ ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ആസൂത്രിതവും രഹസ്യ അജണ്ടയോടു കൂടിയവയാണ്.

## എന്തുകൊണ്ട് 50:50 കരാറിൽ ഒപ്പിടുന്നില്ല

പ്രധാനമായും അഞ്ച് കാരണങ്ങൾ ഉള്ളതുകൊണ്ടാണ് കത്തോലിക്കാസഭയുടെ കീഴിലുള്ള പ്രഫഷണൽ കോളേജ് മാനേജ്മെന്റുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടാത്തത്. (1) ഈ കരാർ ഭരണഘടനയ്ക്ക് എതിരാണ് (2) കോടതി വിധികളുടെ ലംഘനമാണ് (3) പാവപ്പെട്ട കുട്ടികളെക്കൊണ്ട് പണക്കാരുടെ കുട്ടികളെ പഠിപ്പിക്കാൻ ആവശ്യപ്പെടുന്നു (4) സ്ഥാപനം നടത്തുന്ന സമുദായത്തിലെ കുട്ടികൾ മറ്റുള്ളവരുടെ ഭാരം വഹിക്കേണ്ടി വരുന്നു (5) മെറിറ്റിന് പ്രാധാന്യമില്ലാതെ മാനേജ്മെന്റുകളെക്കൊണ്ട് അഴിമതി നടത്താൻ പരോക്ഷമായി പ്രേരിപ്പിക്കുന്നു. നമ്മുടെ സ്ഥാപനങ്ങൾ സർക്കാരുമായി സഹകരിക്കുന്നില്ല എന്നതാണ് സർക്കാരിന്റെ പരാതി. നല്ല കാര്യങ്ങളിൽ സർക്കാരുമായി സഹകരിക്കുന്നതിൽ സന്തോഷമേയുള്ളൂ.

**(1) ഭരണഘടനാ വിരുദ്ധം** : സർക്കാരുമായുള്ള 50:50 കരാറിൽ ഒപ്പുവച്ചാൽ അത് ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനമാകും. രാഷ്ട്രശിൽപികൾ ന്യൂനപക്ഷ ഉന്നമനത്തിനായി ഭരണഘടനയിൽ എഴുതിചേർത്ത അവകാശങ്ങൾ തലമുറകൾക്കായി നൽകിയതാണ്, അത് ആരുടെയെങ്കിലും മുമ്പിൽ അടിയറ വയ്ക്കാൻ ഇപ്പോഴത്തെ തലമുറയ്ക്ക് അധികാരവും അവകാശവുമില്ല. 1972-ൽ എയ്ഡഡ് കോളേജുകളെ സംബന്ധിച്ച് നമ്മൾ സർക്കാരുമായി ഉണ്ടാക്കിയ കരാറും നഗ്നമായ ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനമാണ്. പിന്നീട് പല കാര്യങ്ങളിലും ഈ കരാറിൽ നിന്ന് സർക്കാർ ഏകപക്ഷീയമായി പിന്മാറി. സർക്കാരിന്റെ മുമ്പിൽ ഒരിക്കൽ ന്യൂനപക്ഷ അവകാശങ്ങൾ അടിയറവച്ചതിന്റെ പരിണതഫലങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

**(2) കോടതിവിധികളുടെ ലംഘനം** : ക്രോസ് സബ്സിഡി പാടില്ല എന്നു പറഞ്ഞിട്ടുള്ള കോടതിവിധികളുടെ ലംഘനമാണ് സർക്കാരുമായിട്ടുള്ള 50:50 കരാർ. മാനേജുമെന്റ് സീറ്റിലെ പാവപ്പെട്ട കുട്ടികളുടെ ഫീസുകൊണ്ട് സർക്കാർ അയയ്ക്കുന്ന പണക്കാരായ കുട്ടികളുടെ ചെലവു വഹിക്കണം എന്നത് സാമൂഹിക അനീതിയും കോടതി വിധികൾക്കെതിരുമാണ്. കോടതിവിധി വ്യക്തമാക്കുന്നതുപോലെ 100% സീറ്റിലും മാനേജുമെന്റ് ആണ് അഡ്മിഷൻ നടത്തേണ്ടത്. എൻ.ആർ.ഐ. ഒഴികെ മറ്റുള്ളവർക്ക് എല്ലാം ഒരേ ഫീസ് ആയിരിക്കണം. സ്കോളർഷിപ്പ് കൊടുക്കുന്നതിന് വിരോധമില്ല. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളും 3 മെഡിക്കൽ കോളേജുകളും നേഴ്സിംഗ് കോളേജുകളും മറ്റും നടത്തുന്നത് പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകികൊണ്ടും താരതമ്യേന ഏറ്റവും ചുരുക്കമായ ഫീസിലും സുതാര്യമായിട്ടുമാണ്. കോടതിവിധികൾ ത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്.

**(3) പാവപ്പെട്ടവരെക്കൊണ്ട് പണക്കാരുടെ കുട്ടികളെ പഠിപ്പിക്കാൻ ആവശ്യപ്പെടുന്നു** : മെറിറ്റ് സീറ്റിൽ ഏറ്റവും മുന്നിൽ വരുന്ന കുട്ടികളിലെ 85% വും താരതമ്യേന സമൂഹത്തിലെ പണക്കാരുടെ മക്കളാണ്. അതിന് താഴെ മാനേജുമെന്റിൽ വരുന്നവർ താരതമ്യേന താഴ്ന്ന വരുമാനക്കാരുടെ മക്കളും. 50:50 അനുപാതം നിർബന്ധിക്കുമ്പോൾ താരതമ്യേന പണക്കാരായവരെ താരതമ്യേന കുറഞ്ഞ വരുമാനക്കാരുടെ മക്കളെക്കൊണ്ട് വെറുതെ പഠിപ്പിക്കാനിടയാക്കും. ഇതു സാമൂഹ്യ അനീതിയാണ്. ആകെയുള്ള കുട്ടികളിൽ അർഹരായ ഏറ്റവും പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുകയാണ് നമ്മൾ ഇപ്പോൾ ചെയ്യുന്നത്.

**(4) സ്ഥാപനം നടത്തുന്ന സമുദായത്തിലെ കുട്ടികൾ മറ്റുള്ളവരുടെ ഭാരം വഹിക്കേണ്ടി വരുന്നു** : ഏതൊരു വിദ്യാഭ്യാസസ്ഥാപനത്തിനും മൂന്നു തരത്തിൽ സ്ഥാപന നടത്തിപ്പിന് പണം കണ്ടെത്തേണ്ടിവരുന്നു. (1) സ്ഥലം, കെട്ടിടം, ആന്തരികഘടന തുടങ്ങിയവയ്ക്ക് ആവശ്യമായ മൂലധനം, (2) വേതനം തുടങ്ങിയ അനുദിനാവശ്യങ്ങൾക്കുള്ള ധനം, (3) വികസനത്തിനുള്ള ധനം. സർക്കാർ സ്ഥാപനങ്ങൾ ഈ മൂന്നു കാര്യങ്ങൾക്കും നമ്മുടെതന്നെ നികുതിപ്പണമാണ് ഉപയോഗിക്കുന്നത്. നമ്മുടെ സ്ഥാപനങ്ങൾക്കുള്ള മൂലധനം

സമുദായം കണ്ടുപിടിക്കണം. സ്ഥാപന നടത്തിപ്പിനുള്ള ചെലവുകൾ മുഴുവൻ സ്ഥാപനം നടത്തുന്ന സമൂദായത്തിലെ തന്നെ കുട്ടികൾ (മാനേജുമെന്റിനുള്ള 50%കുട്ടികൾ) തന്നെ വഹിക്കേണ്ടിവരികയും മറ്റു വിഭാഗങ്ങളിൽപ്പെട്ടവരെ വെറുതെ പഠിപ്പിക്കേണ്ടിവരികയും ചെയ്യുമ്പോൾ അത് സാമൂഹ്യ അനീതിയായിരിക്കും. മെറിറ്റ് സീറ്റിൽ കുട്ടികളെ വെറുതെ പഠിപ്പിക്കണമെങ്കിൽ സർക്കാർ ചെലവ് വഹിക്കേണ്ടതാണ്. ഈ ചെലവുകൾ സമുദായത്തിലെ കുട്ടികളുടെ മേൽ കെട്ടിവെയ്ക്കാൻ പാടുള്ളതല്ല.

**(5) മാനേജുമെന്റുകളെ അഴിമതി നടത്താൻ പരോക്ഷമായി പ്രേരിപ്പിക്കുന്നു :** സർക്കാരുമായി ധാരണ ഉണ്ടാക്കിയ കോളേജുകളിൽ 50% മാനേജുമെന്റ് സീറ്റിന് മെറിറ്റ് ബാധകമല്ല. ഇത് കോടതിവിധിക്ക് എതിരാണ്. മാനേജുമെന്റിന് ഇഷ്ടംപോലെ അഡ്മിഷൻ കൊടുക്കാമെന്ന് വരുമ്പോൾ അഴിമതി സ്ഥായിയാക്കാൻ സർക്കാർ ഒത്താശ നൽകുകയാണ്. മാത്രമല്ല, 50% സീറ്റിൽ സർക്കാർ ഫീസിൽ പഠിപ്പിക്കേണ്ടി വരുമ്പോൾ മാനേജുമെന്റ് സീറ്റിൽ കൂടുതൽ പണം വാങ്ങേണ്ടിവരും. മെറിറ്റിന് പ്രാധാന്യമില്ലാത്തതിനാൽ പണമായിരിക്കും ഈ സീറ്റിലെ മാനദണ്ഡം. ഈ പശ്ചാത്തലത്തിൽ സമൂദായത്തിലെ അംഗങ്ങൾ തഴയപ്പെടാനും സാധ്യതയുണ്ട്. അതിനാൽ കോഴ വാങ്ങിക്കാൻ സർക്കാർ നിർബന്ധിക്കുന്ന 50:50 സമ്പ്രദായം ഒരിക്കലും നമുക്ക് അംഗീകരിക്കാനാവില്ല.

## ഇപ്പോഴത്തെ നമ്മുടെ പ്രവേശന സമ്പ്രദായം

2007 ജൂൺ 7-ന് കെ.സി.ബി.സി. കൈക്കൊണ്ട തീരുമാനമനുസരിച്ച് നമ്മുടെ സ്ഥാപനങ്ങളിൽ എല്ലാ സീറ്റിലും മെറിറ്റനുസരിച്ച് മാത്രമാണ് പ്രവേശനം നൽകുന്നത്. 45 ശതമാനം വരെ സീറ്റുകളിൽ എല്ലാ ജാതിമതസ്ഥരായ വിദ്യാർത്ഥികളിൽ നിന്നും മെറിറ്റനുസരിച്ച് പ്രവേശിപ്പിക്കുന്നു. 35 ശതമാനം വരെ കുട്ടികളെ കോളേജ് നടത്തുന്ന സമൂദായത്തിൽ നിന്നു പ്രവേശിപ്പിക്കുന്നു. സമൂഹത്തിലെ പിന്നോക്കവിഭാഗമായ പട്ടിക ജാതി വർഗത്തിന് 5%, ദളിത് ക്രൈസ്തവർക്ക് 5%, ലത്തീൻ കത്തോലിക്കർക്ക് 4%, എൻ. ആർ.ഐ. വിഭാഗത്തിൽ 15% സീറ്റുകൾ നല്കുന്നു. മെറിറ്റ് കം മീൻസ് എന്ന നിലയിൽ ചുരുങ്ങിയത് 10% സീറ്റുകളിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി സൗജന്യമായി പഠിപ്പിക്കുന്നു. സാമൂഹിക നീതി എന്നത് സമ്പന്ന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സൗജന്യം കൊടുത്ത് പഠിപ്പിക്കലല്ല. ഒരു കുട്ടിയുടെ വിദ്യാഭ്യാസ ഭാരം മറ്റു കുട്ടികളുടെമേൽ ആകാൻ പാടില്ല. കുറഞ്ഞ നിരക്കിൽ സർക്കാർ ക്വോട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഉന്നതനിലവാരമുള്ള വിദ്യാലയങ്ങളിൽ ഉയർന്ന ഫീസ് കൊടുത്ത് പഠിക്കുകയും ചെലവേറിയ കോച്ചിംഗ് ക്ലാസുകളിൽ പങ്കെടുക്കുകയും ചെയ്യുന്നവരാണ് എന്ന് ബഹു. സുപ്രീം കോടതി പോലും കണ്ടെത്തി യിട്ടുള്ളതാണ്. അത്തരം വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകി അതിന്റെ ഭാരം മറ്റ് സാധാരണ വിദ്യാർത്ഥികൾ വഹിക്കണമെന്നു പറയുന്നത് സാമൂഹിക നീതി അല്ല. മാനേജ്മെന്റ് ക്വോട്ട പൂർണമായും നിറുത്തലാക്കുകയും മുഴുവൻ പ്രവേശനവും ഓൺ ലൈൻ വഴി സുതാര്യമാക്കുകയും ചെയ്തു. കേരള സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയുടെ മാർക്കും യോഗ്യതാ പരീക്ഷയിലെ പ്രസക്തവിഷയങ്ങളിലെ മാർക്കും കൂടി പരിഗണിച്ചാണ് മെറിറ്റ് തീരുമാനിക്കുന്നത്. ഈ പ്രവേശന രീതി ഗ്രാമീണ മേഖലയിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുട്ടികൾക്ക് അവരുടെ യോഗ്യതാ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നപക്ഷം പ്രവേശനം ലഭിക്കുവാനുള്ള സാധ്യത തുറന്നു കൊടുക്കുന്നു. നമ്മൾ ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന പ്രവേശനരീതി ഹൈക്കോടതി പരിശോധിക്കുകയും സർക്കാരിന്റെ പ്രവേശനരീതിയേക്കാൾ നല്ലതാണെന്ന് നിരീക്ഷിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന്റെ ചെലവ് അതിന്റെ ഗുണഭോക്താക്കൾ തുല്യമായി വീതിക്കുന്ന ഏകീകൃതഫീസ് സമ്പ്രദായമാണ് നമ്മുടെ സ്വാശ്രയ പ്രഫഷണൽ കോളേജുകളിലുള്ളത്. നാം വാങ്ങുന്ന മൊത്തം ഫീസ് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന കോളേജുകളിലും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സഹകരണ മേഖലയിലെ സ്വാശ്രയ കോളേജുകളിലും വാങ്ങുന്ന മൊത്തം ഫീസിനേക്കാൾ കുറവാണ്.

ക്യാപ്പിറ്റേഷൻ ഫീസോ ശുപാർശയോ നമ്മുടെ കോളേജുകളിൽ പൂർണമായും ഇല്ല. സ്ഥാപനം നടത്തുന്ന രൂപതയുടെ മെത്രാൻ വിചാരിച്ചാൽപ്പോലും പ്രവേശനത്തിന് ഒരു കുട്ടിയെ ശുപാർശചെയ്യാൻ സാധിക്കില്ല. ഏകീകൃത പ്രവേശനസമ്പ്രദായത്തിലൂടെ പൂർണമായും മെറിറ്റും സുതാര്യതയും ഉള്ള പ്രവേശനരീതിയാണ് നാം അവലംബിച്ചിരിക്കുന്നത്. വിദ്യാഭ്യാസം എക്കാലവും സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ്. പാവപ്പെട്ടവർക്കും പിന്നാക്കകാർക്കും വിദ്യാഭ്യാസം നൽകിയതും ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നതും ക്രൈസ്തവരായ നമ്മുടെ സാമൂഹിക പ്രതിജ്ഞാബദ്ധതകൊണ്ടാണ്. അല്ലാതെ ഏതെങ്കിലും സർക്കാരിന്റെ നിർബന്ധത്തിനു വഴങ്ങിയോ കരാർ ഒപ്പിട്ടോ അല്ല. വിദ്യാഭ്യാസ മേഖലയിലെ സാമൂഹിക പ്രതിജ്ഞാബദ്ധതയെക്കുറിച്ച് സഭയ്ക്ക് വ്യക്തമായ ദർശനമുണ്ട്. പീഡനങ്ങളുടെയും പ്രതിസന്ധികളുടെയും മധ്യേ മുന്നോട്ട് പോകാൻ നമുക്ക് ശക്തിയാകുന്നത് ദൈവത്തിലുള്ള വിശ്വാസവും സത്യത്തോടുള്ള സമർപ്പണവും ആണ്. കേരളത്തിലെ വിദ്യാഭ്യാസം ഉന്നത നിലവാരമുള്ളതാക്കാനും വിവേചനങ്ങളില്ലാതെ എല്ലാവർക്കും നൽകാനും ലക്ഷ്യമിടുന്ന പദ്ധതികൾ കേരളത്തിലെ കത്തോലിക്കാ സഭയുടെ മുന്നിലുണ്ട്. അത് നടപ്പിലാക്കാൻ സാധിക്കും എന്നു തന്നെ സഭ പ്രതീക്ഷിക്കുന്നു.

**റവ. ഡോ. സ്റ്റീഫൻ ആലത്തറ**
കെ.സി.ബി.സി., വക്താവ്